ഉത്തരം

(എ) ഉണ്ട്. 1973-ലെ ക്രിമിനൽ നടപടിചട്ടം 432, 433-ലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷ റദ്ദാക്കുന്നതിനോ ലഘൂകരിക്കുന്നതിനോ സർക്കാരിന് അധികാരമുണ്ട്.

(ബി) ഉണ്ട്.

(സി) നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് വാങ്ങിയിരുന്നു. തടവ് ശിക്ഷ കമ്മ്യൂട്ട് ചെയ്ത് പിഴ ശിക്ഷയാക്കുന്നതിന് നിയമതടസ്സങ്ങൾ ഇല്ല എന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു.

(ഡി) സംസ്ഥാന സർക്കാരിന് നിയമപ്രകാരം അനുവദിക്കാവുന്ന കേസുകളിൽ അർഹത പരിഗണിച്ച് ശിക്ഷ ലഘൂകരിച്ച് നല്കാറുണ്ട്.

(ഇ) 421 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ - ജീവപര്യന്തം തടവുകാരൊഴികെയുള്ളവരുടെ അപേക്ഷകളിൽ മിക്കവയിലും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

കോടതികളുടെ പ്രവർത്തനം

36(40) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കോടതികൾ ഉൾപ്പെടെ കോടതികളിൽ എത്ര കേസുകൾ തീർപ്പാകാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-12-2014-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ വിവിധ കോടതികളിലായി സിവിൽ വിഭാഗത്തിൽ 421261 ഉം ക്രിമിനൽ വിഭാഗത്തിൽ 910297 കേസ്സുകളും തീർപ്പാക്കാതെ കെട്ടിക്കിടപ്പുണ്ട്.

(ബി) കീഴ് കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടിക്കിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുമുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി Special list system, unit system, target

LIBRARY ARCHIVES Kerala Legislative Assembly

fixation എന്നീ രീതി നടപ്പിലാക്കി വരുന്നുണ്ട്. കാലപ്പഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ, പാർശ്വവത്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസ്സുകൾ എന്നിവ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 താല്ക്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ വിവിധ ജില്ലകളിലായി കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലേക്കായി തസ്തികകൾ സഹിതം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക ആക്രമണങ്ങൾ, അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലതന്നെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കേസ്സുകൾ കേൾക്കുന്നതിനായും പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം പുറമെ KELSA-യുടെയും, ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകളും സംഘടിപ്പിച്ചു വരുന്നു.

(സി) 19-9-2014-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി)നമ്പർ 400/2014/ധന പ്രകാരം 31-3-2015 മാർച്ച് വരെ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അത്യാവശ്യ സന്ദർഭങ്ങളിൽ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പുതിയ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാറുണ്ട്.

എൻക്വയറി കമ്മീഷനുകൾ

37(41) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ ഇപ്പോൾ എത്ര എൻക്വയറി കമ്മീഷനുകൾ പ്രവർത്തിക്കുന്നുണ്ട്; എന്ന് മുതലാണ് ഇവയെല്ലാം പ്രവർത്തനം ആരംഭിച്ചത്; എന്ന് വരെയാണ് ഓരോന്നിന്റെയും കാലാവധി; എത്ര തവണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്; ഇതുവരെ ഓരോ കമ്മീഷന്റെയും ചെലവ് എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ക്രമക്കേടുകളും അന്വേഷിക്കുന്നതിനായി ആഭ്യന്തര വകുപ്പ് നിയമിച്ച ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷൻ 28-10-2013 മുതൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത കമ്മീഷന്റെ കാലാവധി രണ്ടു തവണ നീട്ടി നല്കിയിട്ടുള്ളതും 27-4-2015-ൽ കാലാവധി അവസാനിക്കുന്നതുമാണ്. സോളാർ അന്വേഷണ കമ്മീഷന് ഇതുവരെ 20,88,503 രൂപ ചെലവായിട്ടുണ്ട്. മറ്റ് അന്വേഷണ കമ്മീഷനുകളുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly